കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7-ലെ പരാമർശം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 3036/13/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 10/12/2013**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 30/03/2013-ലെ എം3-8344/13 നമ്പർ കത്ത്.
2) 27/09/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/9292/13 നമ്പർ കത്ത്.

# ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം, സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള 1,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തിൽ പദ്ധതി പണം ക്രമവിരുദ്ധമായി ദുരുപയോഗം ചെയ്യുകയോ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയോ ചെയ്തിട്ടില്ലെന്നും ഓവർസിയറുടെ വാല്യുവേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് ഇവ അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചതെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന് അപേക്ഷിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള 22/10/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 147/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗവും പ്രസ്തുത ചെലവിന് സാധൂകരണം നൽകുന്നതിന് അപേക്ഷിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണത്തിന്റെയും ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശയുടെയും അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-7-ലെ തടസ്സത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7-ൽ തടസ്സപ്പെടുത്തിയ 1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ